## നാളികേരത്തിന്റെ വിലയിടിവ്

220 (1597) ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇടത്തട്ടുകാരും കമ്പോള ലോബിയുമാണ് ചില്ലറ വിൽപനവില നിശ്ചയിക്കുന്നത് എന്ന കാര്യം സർക്കാരിനറിയാമോ;

(സി) യഥാർത്ഥ കേരകർഷകർക്ക് ഉൽപാദനച്ചെലവിന് അനുസൃതമായ വില ലഭിക്കാത്ത സ്ഥിതിവിശേഷം ഒഴിവാക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രതിസന്ധി മറികടക്കുന്നതിൽ സർക്കാരിന്റെ വിപണി ഇടപെടൽ സംവിധാനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളെ ഈ സാഹചര്യത്തിൽ വിലയിരുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിൽനിന്നും ലഭിച്ച കണക്കുകൾ പ്രകാരം 2015 ഫെബ്രുവരി മാസം 1000 തേങ്ങകളുടെ വില 15,105 രൂപയായിരുന്നത് 2015 ജൂലൈ മാസം 11,720 രൂപയും 2015 ഡിസംബറിൽ 10,308 രൂപയുമായി കുറഞ്ഞിട്ടുണ്ട്. 2016 ജനുവരി മാസം വില വീണ്ടും കുറഞ്ഞ് 9,654 രൂപയായിട്ടുണ്ട്. ഫെബ്രുവരി മാസവും നാളികേരത്തിന് കുറഞ്ഞ വിലയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) യഥാർത്ഥ കേരകർഷകർക്ക് ഉൽപ്പാദനച്ചെലവിന് അനുസൃതമായി ന്യായമായ വില ലഭിക്കുന്നതിനും വിലയിടിവിൽനിന്നും രക്ഷിക്കുന്നതിനുമായി സംസ്ഥാന കൃഷിവകുപ്പും കേരഫെഡും സംയുക്തമായി പച്ചനാളികേർ സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. പൊതു വിപണിയിൽ കിലോഗ്രാമിന് 15-16 രൂപ വിലയുള്ളപ്പോൾ 25 രൂപ വിലയ്ക്കാണ് കൃഷിഭവൻ വഴി കേരഫെഡ് സംഭരിക്കുന്നത്. ആയതിനാൽ ന്യായമായ വില കർഷകർക്ക് ലഭിക്കുന്നതിനുള്ള സാഹചര്യ മൊരുക്കുന്നു. ഈ പദ്ധതി നാളികേര കർഷകർക്ക് പ്രയോജന പ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

1436/2018.

LIBRARY ARCHIVES Kerala Legislative Assembly